ഉത്തരം

പള്ളുരുത്തി നിയോജക മണ്ഡലത്തിൽ 26-6-2009-ന് ഒരു ത്രിവേണി സ്റ്റോർ ആരംഭിച്ചിട്ടുണ്ട്. ടി നിയോജക മണ്ഡലത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് വ്യാപാര സാധ്യത കണക്കിലെടുത്ത് മറ്റൊരു ത്രിവേണി സ്റ്റോർ കൂടി തുടങ്ങുന്ന കാര്യം ആലോചിക്കാവുന്നതാണ്.

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പ്രതിരോധിക്കുന്നതിനായി പദ്ധതികൾ

40 (1003) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പ്രതിരോധിക്കുന്നതിനായി സഹകരണ വകുപ്പ് എന്തെല്ലാം പദ്ധതികൾ ആണ് ആവിഷ്കരിച്ചു നടപ്പിലാക്കിയത് എന്ന് വിശദമാക്കുമോ ;

(ബി) സഹകരണ പൊതുവിതരണ സമ്പ്രദായം വിജയകരമായി നടപ്പിലാക്കുവാൻ ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പാലക്കാട് ജില്ലയിൽ ഏതെല്ലാം നിയോജക മണ്ഡലങ്ങളിൽ എവിടെയെല്ലാം ത്രിവേണി സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന ഓണം, ക്രിസ്തുമസ് ചന്തകൾ ഒരു സ്ഥിരം സംവിധാനമാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ : വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പ്രതിരോധിക്കുന്നതിനായി സഹകരണ വകുപ്പ് കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി:

1. കൺസ്യൂമർ ഫെഡറേഷൻ നേരിട്ടു നടത്തുന്ന 172 ത്രിവേണി സ്റ്റോറുകളിലൂടെ പൊതു വിപണിയേക്കാൾ 15% മുതൽ 25% വരെ വിലക്കുറവിൽ 700 കോടിയോളം രൂപയുടെ നിത്യോപയോഗ സാധനങ്ങൾ ഈ സർക്കാരിന്റെ കാലയളവിൽ വിൽപ്പന നടത്തി 150 കോടിയോളം രൂപയുടെ വിലക്കുറവിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കി.

2. ഫെഡറേഷന്റെ വ്യാപാര നിയന്ത്രണത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെ സബ്സിഡി കാലയളവിലല്ലാതെ കൂടാതെ 800 കോടിയോളം രൂപയുടെ നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ ശരാശരി 25% വരെ വിലക്കുറച്ച് വിൽപ്പന നടത്തിയതിലൂടെ 200 കോടിയോളം രൂപയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കി.

LIBRARY ARCHIVES Kerala Legislative Assembly

3. വിലക്കയറ്റം രൂക്ഷമായ 2007 വർഷത്തിന്റെ ആദ്യ പാദത്തിൽ 15-2-2007 മുതൽ 15-4-2007 വരെയുള്ള 60 ദിവസക്കാലയളവിൽ 3615 വിപണന കേന്ദ്രങ്ങളിലൂടെ 67.03 കോടി രൂപ വിലയുള്ള 21 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി അനുവദിച്ച് വിൽപ്പന നടത്തി.

4. സംസ്ഥാനത്ത് അരിയുടെ വില രൂക്ഷമായി വർദ്ധിച്ച 2007-ന്റെ അവസാന ഘട്ടത്തിൽ 12-12-2007 മുതൽ 20-1-2008 വരെ 40 ദിവസക്കാലയളവിൽ 3989 ന്യായവില അരിചന്തകൾ സംഘടിപ്പിച്ച് മിതമായ നിരക്കിൽ 5 ഇനം അരി വിൽപ്പന നടത്തി പൊതു വിപണിയിലെ അരിയുടെ വിലക്കയറ്റം നിയന്ത്രിച്ചു. ഇതിലൂടെ 12.75 കോടി രൂപയുടെ സബ്സിഡി ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കി.

5. പൊതു വിപണിയിൽ അരി ലഭിക്കുന്നതിന് ക്ഷാമം ഉണ്ടായ സാഹചര്യത്തിൽ പശ്ചിമ ബംഗാളിൽ നിന്നും അരി ലഭ്യമാക്കി 6-6-2008 മുതൽ 17-4-2008 വരെയുള്ള 71 ദിവസക്കാലയളവിൽ 1389 വിതരണ കേന്ദ്രങ്ങളിലൂടെ വിൽപ്പന നടത്തി.

6. ആയതു കൂടാതെ ഈ സർക്കാരിന്റെ കാലത്ത് 53635 ഉത്സവകാല പ്രത്യേക വിപണന കേന്ദ്രങ്ങൾ നടത്തി 367.32 കോടി രൂപയുടെ സബ്സിഡി ആനുകൂല്യം ഉപഭോക്താക്കൾക്ക് നേരിട്ട് നൽകി. വില വർദ്ധനവിന് സാധ്യത കൂടുതലുള്ള സംസ്ഥാനത്തെ പ്രധാന ഉത്സവങ്ങളോടനുബന്ധിച്ചാണ് ഇവയിൽ 49642 വിപണന കേന്ദ്രങ്ങൾ നടത്തിയത്. 15% മുതൽ 70% വരെ വിലക്കുറവിലാണ് അവശ്യസാധനങ്ങൾ ഉത്സവകാല വിപണന കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കിയത്. സഹകരണ വകുപ്പ് സഹകരണ മേഖലയുടെ കൂട്ടായ്മയിലൂടെ നടത്തിയ ഈ പൊതു വിപണി ഇടപെടൽ അവശ്യസാധനങ്ങളുടെ പൊതു വിപണിയിലെ വില നിലവാരത്തിൽ ഉപഭോക്താക്കൾക്ക് അനുകൂലമായ രീതിയിൽ പ്രതിഫലനം ഉണ്ടാക്കിയിട്ടുണ്ട്.

(ബി) ഇപ്പോൾ നിലവിലിരിക്കുന്ന സഹകരണ വിപണനം കേരളീയം പദ്ധതിയുടെ ഭാഗമായി എല്ലാ ഉത്സവകാലങ്ങളിലും സഹകരണ സംഘങ്ങൾ നടത്തുന്ന വിപണന കേന്ദ്രങ്ങൾ വഴി അവശ്യ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. ഇതുകൂടാതെ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ഒരു ത്രിവേണി സൂപ്പർ മാർക്കറ്റ് ആരംഭിച്ചിട്ടുണ്ട്.

(സി) പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന ത്രിവേണി സൂപ്പർ മാർക്കറ്റുകളുടെ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	നിയോജക മണ്ഡലം	എണ്ണം	ത്രിവേണി നിലവിലുള്ള സ്ഥലങ്ങൾ
1.	ആലത്തൂർ	1	ആലത്തൂർ
2.	കുഴൽമന്ദം	1	കുഴൽമന്ദം
3.	കൊല്ലംകോട്	1	നെൻമാറ
4.	ചിറ്റൂർ	1	ചിറ്റൂർ
5.	പാലക്കാട്	1	പാലക്കാട്
6.	മലമ്പുഴ	1	റെയിൽവേ കോളനി
7.	മണ്ണാർക്കാട്	1	മണ്ണാർക്കാട്
		2	എടത്തനാട്ടുകര
		3	അട്ടപ്പാടി
8.	ശ്രീകൃഷ്ണപുരം	1	ചെറുപ്പുളശ്ശേരി
9.	ഒറ്റപ്പാലം	1	ഒറ്റപ്പാലം
10.	പട്ടാമ്പി	1	പട്ടാമ്പി
11.	തൃത്താല	1	കുറ്റനാട്

(ഡി) ഓണം, ക്രിസ്മസ് ചന്തകൾ ഉൾപ്പെടെയുള്ള നിലവിലുള്ള ഉത്സവകാല ചന്തകൾ തുടർന്നും കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്നതാണ്. കൂടാതെ ആറ് ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ ഫെഡറേഷന്റെ ത്രിവേണി യൂണിറ്റുകളിലൂടെയും നീതി സ്കീമുകളിലൂടെയും സബ്സിഡി നിരക്കിൽ വർഷം മുഴുവൻ നടത്തുന്നതിനുള്ള ഒരു പദ്ധതിയും സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന 10,000 സ്ഥിരം വിലക്കയറ്റ വിരുദ്ധ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിയും ഫെഡറേഷൻ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ആറു മാസക്കാലയളവിൽ ഉത്സവകാല ചന്തകളോടനുബന്ധിച്ച് വിപണന കേന്ദ്രങ്ങൾ നടത്തുന്നതിനും കുറഞ്ഞത് 32 ഇനം നിത്യോപയോഗ സാധനങ്ങൾ ഈ ചന്തകളിലൂടെ വിപണനം നടത്തുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ ഈ ചന്തകളിലൂടെയുള്ള സബ്സിഡി വിൽപ്പനയുടെ ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാരിന് മാത്രമായി വഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇതിന്റെ ഒരു വിഹിതമായ 200 കോടി രൂപയെങ്കിലും ജനക്ഷേമ പ്രവർത്തന പദ്ധതിക്കായി കേന്ദ്ര സർക്കാർ വഹിക്കണമെന്ന് കേന്ദ്ര സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ട്. ഇവ കൂടാതെ സഹകരണ മേഖലയിലൂടെ അവശ്യ നിത്യോപയോഗ സാധനങ്ങൾ സ്ഥിരമായി വിതരണം ചെയ്യുന്നതിന് ലക്ഷ്യമിടുന്ന സഹകരണ പൊതുവിതരണ പദ്ധതി (സി.പി.ഡി.എസ്.) പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly